എൻ.എം.ഡി.എഫ്.സി/എൻ.ബി.സി.എഫ്. ഡി.സി. വായ്പ- 11,78,36,928 രൂപ

സഹകരണ വകുപ്പ് രജിസ്ട്രാർ (സഹകരണ സ്ഥാപനങ്ങളിൽ നിന്നുമെടുത്ത വായ്പ) - 44,37,96,234 രൂപ

ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്കുപുറമെ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 14,23,39,258 രൂപ സുനാമി ഫണ്ടിൽനിന്ന് അനുവദിച്ചു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശപ്രകാരം സഹകരണ വകുപ്പിന് നൽകിയ തുക

100 (7663) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾവഴി എടുത്ത കടം എഴുതിത്തള്ളാൻ മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷൻ ശുപാർശചെയ്ത വകയിൽ സഹകരണ വകുപ്പിന് ഏതെല്ലാം തീയതികളിൽ എത്ര തുക നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ബി) സഹകരണവകുപ്പിന് നൽകിയ തുകയുടെ അടിസ്ഥാനത്തിൽ എത്ര തൊളിലാളികളുടെ കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകിയെന്ന് പറയാമോ ; ഇനിയും കടം തീർപ്പാക്കി ആധാരങ്ങൾ മടക്കി നൽകാനുള്ള എത്ര കേസ്സുകൾ ശേഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയിൻകീഴിൽ സഹകരണ സംഘങ്ങളുടെ വിഹിതമായി 113,57,68,816 രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു :

തീയതി	തുക
4-7-2011	44,37,96,234
3-4-2012	43,22,20,924
28-5-2012	6,48,00,000
28-2-2014	8,85,61,330
24-2-2014	8,10,11,318
28-2-2014	2,53,79,010
ആകെ	113,57,68,816

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടാശ്വാസമായി സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് ലഭ്യമാകേണ്ടതുക ലഭ്യമാകുന്ന മുറയ്ക്ക് ബന്ധപ്പെട്ട് സംഘങ്ങൾ/ബാങ്കുകൾ മത്സ്യത്തൊഴിലാളികൾ നൽകിയ രേഖകൾ/പ്രമാണങ്ങൾ ബന്ധപ്പെട്ടവർക്ക് ഒരു മാസത്തിനകം തിരികെ നൽകേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർക്ക് ഫിഷറീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശത്തിനെതിരെ സംസ്ഥാനത്തെ പല സഹകരണ സംഘങ്ങളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യുകയും സർക്കാരിനും സഹകരണസംഘം രജിസ്ട്രാർക്കും നിരവധി നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിരിക്കുകയാണ്. ആധാരം മടക്കി നൽകിയത് സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾക്കും ഉപകരണങ്ങൾക്കും ഇൻഷ്വറൻസ്

101 (7664) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷർ ചെയ്യുന്നതിന് മത്സ്യത്തൊഴിലാളികൾ കൂടുതൽ താല്പര്യം കാണിക്കാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; ഇൻഷ്വറൻസ് കമ്പനികൾ വൻതുക പ്രീമിയമായി ആവശ്യപ്പെടുന്നത് ഒഴിവാക്കി കുറഞ്ഞ പ്രീമിയത്തിൽ മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും ഇൻഷർ ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇൻഷർ ചെയ്യപ്പെടുന്ന വള്ളങ്ങളിലും മത്സ്യബന്ധന ഉപകരണങ്ങളിലും കേടാകാത്തതും കൃത്രിമം കാണിക്കാനാവാത്തതുമായ ഇലക്ട്രോണിക് ചിപ്പുകൾ സ്ഥാപിച്ച് ഇൻഷ്വറൻസ് നടപടികൾ സുതാര്യമാക്കുവാനും കുറഞ്ഞനിരക്കിൽ ഇൻഷ്വറൻസ് ഏർപ്പെടുത്തുവാനും സർക്കാർ മുൻകൈ എടുക്കുമോ ?

ഉത്തരം

(എ) മത്സ്യബന്ധന യാനങ്ങൾക്ക് രജിസ്ട്രേഷനും ലൈസൻസും ലഭിക്കുന്നതിന് യാന ഉടമകൾ സ്വന്തം നിലയിൽ ഇൻഷ്വറൻസ് പരിരക്ഷയെടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഭാഗികമായ നാശനഷ്ടങ്ങൾ, റിപ്പയർ ഇനത്തിൽ വരുന്ന ചെലവുകൾ, മത്സ്യബന്ധന വലകൾ എന്നിവ ഈ പരിരക്ഷയിൽപ്പെടുന്നില്ല. കൂടാതെ വളരെ ഉയർന്ന നിരക്കിലുള്ള പ്രീമിയമായതിനാൽ മത്സ്യത്തൊഴിലാളികൾ ഈ പദ്ധതിയിൽ താല്പര്യം കാണിക്കുന്നില്ല.

എല്ലാ തരത്തിലുള്ള മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആയത് പൈലറ്റ് പ്രോജക്ടായി എറണാകുളം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly